**15 -ാം കേരള നിയമസഭ**

**13 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2615** **04-03-2025 - ൽ മറുപടിയ്ക്ക്**

**കെ.എസ്.ഇ.ബി-യുടെ ഉടമസ്ഥതയിലുള്ള ഭൂമിയിൽ സൗന്ദര്യവൽക്കരണ പ്രവൃത്തി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. കെ. എം. സച്ചിൻദേവ് | | ശ്രീ . കെ . കൃഷ്ണൻകുട്ടി<br>(വൈദ്യുതി വകുപ്പ് മന്ത്രി) | |
| (എ) | പനങ്ങാട് ഗ്രാമപഞ്ചായത്തിലെ തലയാട് അങ്ങാടിയിൽ പി.ഡബ്യു.ഡി റോഡിനോടു ചേർന്നുള്ള കെ.എസ്.ഇ.ബി-യുടെ ഉടമസ്ഥതയിലുള്ള ഭൂമിയിൽ, മലയോര ഹൈവേയുടെ നിർമ്മാണപ്രവൃത്തിയുടെ ഭാഗമായി കട്ട പതിച്ച് സൗന്ദര്യവൽക്കരിക്കുന്നതിനായി നിവേദനം ലഭിച്ചിട്ടുണ്ടോ; | (എ) | പനങ്ങാട് ഗ്രാമ പഞ്ചായത്തിലെ തലയോട് അങ്ങാടിയിൽ പൊതുമരാമത്ത് വകുപ്പ് റോഡിനോട് ചേർന്നുള്ള കെ.എസ്.ഇ.ബി.എൽ-ന്റെ ഉടമസ്ഥതയിലുള്ള ഭൂമിയിൽ മലയോര ഹൈവേയുടെ നിർമാണ പ്രവൃത്തിയുടെ ഭാഗമായി കട്ട പതിച്ച സൗന്ദര്യവത്ക്കരണത്തിനായി നിവേദനം ലഭിച്ചിട്ടുണ്ട്. |
| (ബി) | കെ.എസ്.ഇ.ബി-യുടെ ഭാവി ഉപയോഗത്തിന് തടസ്സമില്ലാതെ തലയാട് അങ്ങാടിയിലുള്ള ഭൂമിയിൽ സൗന്ദര്യവൽക്കരണ പ്രവൃത്തി നടത്തുന്നതിന് അടിയന്തരമായി അനുമതി നൽകാമോ? | (ബി) | പ്രസ്തുത സ്ഥലം കെ.എസ്.ഇ.ബി.എൽ.-ന്റെ ആവശ്യങ്ങൾക്ക് വേണ്ടി നേടിയെടുത്തതും അവിടെ ചാർജിംഗ് സ്റ്റേഷൻ സ്ഥാപിക്കുവാനുള്ള നിർദ്ദേശം കെ.എസ്.ഇ.ബി.എൽ.-ന്റെ പരിഗണനയിലുള്ളതുമാണ്. എന്നാൽ പ്രസ്തുത സ്ഥലം കെ.എസ്.ഇ.ബി.എൽ.-ന്റെ ആവശ്യങ്ങൾക്ക് ഉപയോഗിക്കാൻ തടസമില്ലാത്ത രീതിയിൽ സൗന്ദര്യവത്ക്കരണം നടത്തുന്നതിന് ആവശ്യമായ അനുമതി നൽകുവാനുള്ള ബഹു. ബാലുശേരി എം.എൽ.എ.-യുടെ നിർദ്ദേശത്തിന്മേലുള്ള അന്തിമ തീരുമാനം ബോർഡിന്റെ അനുമതിക്ക് വിധേയമായി അറിയിക്കാൻ കഴിയുന്നതാണെന്ന് കെ.എസ്.ഇ.ബി.എൽ. അറിയിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ